# Deepika

# 27 August 2018

# Kochi; Flood Disaster, Cleaning

## പുത്തൻവേലിക്കര താലൂക്കാശുപത്രിയിൽ കരസേനയുടെ മെഡിക്കൽ യൂണിറ്റ്

**കൊച്ചി:** പ്രളയത്തെ തുടർന്ന് പ്രവർത്തനം നിർത്തിവച്ച പുത്തൻവേലിക്കര താലൂക്കാശുപത്രിയിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കി കരസേന. പ്രളയത്തിൽലകപ്പെട്ട പുത്തൻവേലിക്കാർക്ക് ആശ്വാസമാകുകയാണ് കരസേനയുടെ വൈദ്യസഹായം.

കഴിഞ്ഞ ദിവസമാണ് ആശുപത്രിയുടെ പ്രവർത്തനം കരസേന ഏറ്റെടുത്തത്. സെക്കന്തരാബാദിൽ നിന്നുള്ള ആർമി മെഡിക്കൽ കോറമാണ് പുത്തൻവേലിക്കരയിലെത്തിയിരിക്കുന്നത്. എട്ട് ഡോക്ടർമാരും 47 പാരാമെഡിക്കൽ ജീവനക്കാരുമടക്കം 55 പേരടങ്ങുന്ന സംഘമാണ് എത്തിയത്.

ഐപി സേവനവും രാത്രികാല പരിശോധനയും ഇവിടെ ലഭ്യമാണ്. താലൂക്ക് ആശുപത്രിയിലെ അഞ്ച് ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും പിന്തുണയോടെയാണ് കരസേനയുടെ സേവനം. രാവിലെ ഒൻപത് മുതൽ വൈകുന്നേരം അഞ്ചുവരെ ഒപി സേവനവും ലഭ്യമാണ്.

**മാതൃകയായി തടിയിട്ടപറമ്പ് സ്റ്റേഷനിലെ പോലീസുകാർ**

## വീടു ശുചീകരിക്കാനെത്തി; വീട്ടുകാരുടെ ദുരവസ്ഥ കണ്ട് വീട്ടുപകരണങ്ങളും വാങ്ങി നൽകി

**കിഴക്കമ്പലം:** പ്രളയക്കെടുതിയെത്തുടർന്ന് മാലിന്യം അടിഞ്ഞുകൂടിയ വീട് ശുചീകരിക്കാൻ ചെന്ന പോലീസുകാർ ആ വീട്ടുകാരുടെ ദുരവസ്ഥ മനസിലാക്കി വീട്ടുപകരണങ്ങൾ വാങ്ങി നല്കി മാതൃകയായി. തടിയിട്ടപറമ്പ് പോലീസ് സ്റ്റേഷനിലെ പോലീസുകാരാണ് മാതൃക കാട്ടിയത്.

പ്രളയത്തിൽ മുങ്ങിയ വീടുകൾ ശുചീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പോലീസ് സംഘം ചെമ്പറക്കി കൈപ്പൂരിക്കര തച്ചിലേടത്ത് ധന്യയുടെ വീട്ടിലെത്തിയത്. ഇവർ താമസിച്ചിരുന്ന വാടകവീട് പ്രളയത്തിൽ മുങ്ങി സ്വന്തമായുള്ള കട്ടിലും ഫർണീച്ചറുകളും പൂർണമായും നശിച്ചിരുന്നു.

വീട് വൃത്തിയാക്കിയെങ്കിലും വീട്ടുപകരണങ്ങൾ ഒന്നുമില്ലാത്ത വീട്ടുകാരുടെ ദുരവസ്ഥ മനസിലാക്കിയ പോലീസ് അവർ സമാഹരിച്ച തുക ഉപയോഗിച്ച് ഫർണിച്ചറുകളും പാത്രങ്ങളും വാങ്ങി കുടുംബത്തിന് നൽകുകയായിരുന്നു.



വെള്ളപ്പൊക്കത്തിൽ വീട്ടുപകരണങ്ങൾ നശിച്ച ചെമ്പറക്കി കൈപ്പൂരിക്കര തച്ചിലേടത്ത് ധന്യയുടെ വീട്ടിലേക്കുള്ള ഉപകരണങ്ങൾ തട്ടിയിട്ട പറമ്പ് എസ്ഐ പി.എം. ഷമീർ നൽകുന്നു.

പ്രളയത്തിൽ ദുരിതബാധിതരായ മുപ്പതോളം വീട്ടുകാർക്ക് അവരുടെ വീടുകളിലെത്തി പോലീസുകാർ ഓണകിറ്റും വിതരണം ചെയ്തു.

തടിയിട്ടപറമ്പ് എസ്ഐ പി.എം. ഷമീറിന്റെ നേതൃത്വത്തിൽ സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരും ജനമൈത്രി സമിതി അംഗങ്ങളും ജനപ്രതിനിധി അംഗങ്ങളും ഓണക്കിറ്റ് വിതരണത്തിൽ പങ്കെടുത്തു.

പ്രളയത്തിനോടനുബന്ധിച്ച് ഇതുവരെ മുപ്പതോളം വീടുകൾ സ്റ്റേഷനിലെ പോലീസുകാർ ശുചീകരിച്ചതായി എസ്ഐ പറഞ്ഞു.

## ആമ്പല്ലൂരിൽ ശുചീകരണം നടത്തി

**ആമ്പല്ലൂർ:** ആമ്പല്ലൂരിൽ ജനമൈത്രി സമിതിയുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. പഞ്ചായത്തിന്റെ തീരദേശ മേഖലയായ പൊയ്യാറ്റിത്താഴം, മണ്ണാറവേലി, ആമ്പല്ലൂർ മാന്തുരുത്തേൽ, തോട്ടറ പുഞ്ച തുടങ്ങിയ ഇടങ്ങളിലാണ് വീടുകളിൽ വ്യാപകമായി വെള്ളം കയറിയത്. മുളന്തുരുത്തി എസ്ഐ അരുൺദേവ്, സമിതി അംഗങ്ങളായ കെ.എ. സിബി, ജോഷി, റോബിൻ എന്നിവർ നേതൃത്വം നൽകി.

ആമ്പല്ലൂർ പഞ്ചായത്തിൽ നാശനഷ്ടങ്ങളുടെ കണക്കെടുപ്പും ആരംഭിച്ചു. പഞ്ചായത്ത് എഇ ശോഭിനി, ഓവർസിയർ അനീഷ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മറ്റി ചെയർപേഴ്സൻ ബീന മുകുന്ദൻ എന്നിവരുടെ നേതൃത്വത്തിൽ മാന്തുരുത്തേൽ ഭാഗത്തുള്ള 16ഓളം വീടുകളാണ് ഇന്ന് പരിശോധിച്ചത്. വെള്ളംകെട്ടിനിന്നു വീടുകൾക്ക് സംഭവിച്ച കേടുപാടുകളുടെ കണക്കെടുപ്പാണ് നടന്നത്. തുടർന്നുള്ള ദിവസങ്ങളിലും കണക്കെടുപ്പ് തുടരും.